**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1092** **06-02-2023 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതിയുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര നഗരസഭ, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിൽ ജലജീവൻ പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ സ്ഥലത്തും എത്ര കോടി രൂപയുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) ആണ് അംഗീകരിച്ചത് എന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024 ഓട്ടുകൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണ് ജല ജീവൻ മിഷൻ പദ്ധതി. ആയതിനാൽ നെയ്യാറ്റിൻകര നഗരസഭ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതല്ല. നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ ജല ജീവൻ മിഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ഡി.പി.ആർ. പരിശോധിച്ച് അംഗീകാരം നൽകിയ പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഏതൊക്കെ പഞ്ചായത്തുകളിലാണ് പ്രവൃത്തി ആരംഭിച്ചത് എന്ന് വിശദമാക്കുമോ? | (ബി) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന അതിയന്നൂർ, ചെങ്കൽ, കാരോട്, കുളത്തൂർ, തിരുപുറം എന്നീ പഞ്ചായത്തുകളിൽ ജല ജീവൻ മിഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പഞ്ചായത്ത് | ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇതുവരെ നൽകിയ കണക്ഷനുകളുടെ എണ്ണം (31/01/2023 വരെ) |
|---|---|---|---|---|
| 1 | അതിയന്നൂർ | 6,669 | 3,358.19 | 2,678 |
| 2 | ചെങ്കൽ | 12,084 | 9,324.37 | 1,087 |
| 3 | കാരോട് | 11,815 | 9,435.89 | 256 |
| 4 | കുളത്തൂർ | 9,441 | 7,135.77 | 789 |
| 5 | തിരുപുറം | 3,880 | 1,681.70 | 2,173 |
| **ആകെ** | | **43,889** | **30,935.92** | **6,983** |